"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2025-ലെ തദ്ദേശ ദിനാഘോഷവുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രദർശന മേളയിൽ പങ്കെടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തദ്ദേശ ദിനാഘോഷ നഗരിയിൽ സ്റ്റാൾ സജ്ജീകരിക്കുന്നതിനും ഫ്ലോട്ടുകൾ സജ്ജീകരിക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.385/2025/LSGD തീയതി,തിരുവനന്തപുരം, 07-02-2025

---

പരാമർശം:- 1. 29.01.2025-ലെ സ.ഉ.സാധാ) നം.272/2025/LSGD സർക്കാർ ഉത്തരവ്

2. പ്രിൻസിപ്പൽ ഡയറക്ടറുടെ 24-01-2025 തീയതിയിലെ LSGD/PD/35732/2024-GEB4 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ ഗുരുവായൂരിൽ വെച്ച് 2025 ഫെബ്രുവരി 18, 19 തീയതികളിൽ നടത്തപ്പെടുന്ന തദ്ദേശ ദിനാഘോഷവുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രദർശന വിപണന മേളയിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഭരണ നേട്ടങ്ങൾ പ്രദർശിപ്പിക്കുന്നതിനായി സ്റ്റാൾ സജ്ജീകരിക്കുന്നതിന് തനതു ഫണ്ടിൽ നിന്നും പരമാവധി ₹1,00,000 (ഒരു ലക്ഷം രൂപ മാത്രം) രൂപയും, തദ്ദേശദിനാഘോഷത്തോടനുബന്ധിച്ചുള്ള വിളംബരഘോഷയാത്രയിൽ പങ്കെടുക്കുന്ന തൃശ്ശൂർജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വികസന ക്ഷേമ സേവന പ്രവർത്തനങ്ങളുടെ പരിഛേദം പ്രദർശിപ്പിക്കുന്ന വിധത്തിലുള്ള ഫ്ലോട്ടുകൾ സജ്ജീകരിക്കുന്നതിന് തനതു ഫണ്ടിൽ നിന്നും ₹ 1,00,000 (ഒരു ലക്ഷം രൂപ മാത്രം) രൂപയും വരെ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2025 ഫെബ്രുവരി 18, 19 തീയതികളിൽ നടത്തപ്പെടുന്ന തദ്ദേശ ദിനാഘോഷവുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രദർശന വിപണന മേളയിൽ പങ്കെടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തങ്ങളുടെ വികസന ഭരണ നേട്ടങ്ങൾ, പ്രദർശിപ്പിക്കുന്നതിനായി സ്റ്റാൾ സജ്ജീകരിക്കുന്നതിനായി തനതു ഫണ്ടിൽ നിന്നും പരമാവധി ₹ 1,00,000 (ഒരു ലക്ഷം രൂപ മാത്രം) രൂപയും, തദ്ദേശദിനാഘോഷത്തോടനുബന്ധിച്ചുള്ള വിളംബരഘോഷയാത്രയിൽ പങ്കെടുക്കുന്ന തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വികസന ക്ഷേമ സേവന

പ്രവർത്തനങ്ങളുടെ പരിച്ഛേദം പ്രദർശിപ്പിക്കുന്ന വിധത്തിലുള്ള ഫ്ലോട്ടുകൾ സജ്ജീകരിക്കുന്നതിന് തങ്ങളുടെ തനതു ഫണ്ടിൽ നിന്നും പരമാവധി ₹ 1,00,000 (ഒരു ലക്ഷം രൂപ മാത്രം) രൂപയും ഭരണസമിതി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.

ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ.

ഡയറക്ടർ ജനറൽ, കില.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.

ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ് ,തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ajith Kumar K A
Date: 07-02-2025 13:19:10
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി. എ